കെ. കെ. അനീഷ് മാസ്റ്ററുടെ മരണത്തെക്കുറിച്ചുള്ള അന്വേഷണം

26 (1062) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂളിൽനിന്നും പിരിച്ചുവിട്ട ശ്രീ. കെ. കെ. അനീഷ് മാസ്റ്ററുടെ മരണത്തെക്കുറിച്ച് എന്തെല്ലാം അന്വേഷണങ്ങളാണ് നടക്കുന്നത്;

(ബി) പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം 18-11-2014-ൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(സി) അന്വേഷണ റിപ്പോർട്ട് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ടിയാന്റെ ആശ്രിതർക്ക് സർക്കാർ സർവ്വീസിലോ അതേ സ്കൂളിലോ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കൃ.ഐ.പി. വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം 18-11-2014-ൽ അന്വേഷണം നടത്തുകയുണ്ടായി.

(ബി) അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മലപ്പുറം മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ. സി. ഗോപിക്കെതിരെ നടപടി സ്വീകരിക്കാനും മുന്നിയൂർ ഹൈസ്കൂൾ പ്രഥമാദ്ധ്യാപിക, മാനേജർ എന്നിവർക്ക് ചാർജ്ജ് മെമ്മോ നൽകാനുമുള്ള നടപടികൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള നിയമപ്രകാരം പ്രസ്തുത മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിൽ മാത്രമേ ടിയാന്റെ ആശ്രിതർക്ക് നിയമനം നല്കുവാൻ വ്യവസ്ഥയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly